**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1194

08.02.2013-ൽ മറുപടിക്ക്

# സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങളിലെ വൈരുദ്ധ്യം

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ

എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽവരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിസ്കീമിൽ ഉൾപ്പെട്ട വർക്ക്ഷോപ്പ് സൂപ്രണ്ട്, ഇൻസ്ട്രക്ടർ ഗ്രേഡ് I, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് രണ്ടുതരത്തിൽ യോഗ്യതാമാനദണ്ഡവും വേതനവും മറ്റ് ആനുകൂല്യങ്ങളും 2007 ഒക്ടോബർ മുതൽ നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) പ്രസ്തുത തസ്തികകളിലുള്ള ജീവനക്കാർക്ക് എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി ഫസ്റ്റ് ക്ലാസ്സ് ഡിപ്ലോമ അടിസ്ഥാനയോഗ്യതയും നിശ്ചിത പ്രവർത്തിപരിചയവും കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നിശ്ചയിച്ചിരിക്കുന്നതിനാൽ ആയതിന് അനുസൃതമായി പ്രൊമോഷൻ, ശമ്പളം, ഹയർ ഗ്രേഡ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് തുല്യ അർഹത നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

(എ) യും (ബി)യും

സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂളുകൾ അടിസ്ഥാനമാക്കിയുള്ള യോഗ്യതയും നിയമന രീതികളുമാണ് നിലവിലിരിക്കുന്നത്. എന്നാൽ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നിശ്ചയിച്ചിട്ടുള്ള നിയമന മാനദണ്ഡങ്ങളാണ് ബാധകമായിട്ടുള്ളത്. ആയതിനാൽ പ്രൊമോഷൻ, വേതനം എന്നിവയിൽ ചില വിഭാഗം ജീവനക്കാർക്കിടയിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

..............2

| | |
|---|---|
| സി) ഒരേ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരേ സിലബസ് പഠിപ്പിച്ച് ഒരേ ബിരുദം നൽകുന്ന എയ്ഡഡ്, ഗവൺമെന്റ് കോളേജുകളിൽ ഒരേ വകുപ്പ് അദ്ധ്യക്ഷനു കീഴിൽ ഒരേ ഹെഡ് ഓഫ് അക്കൌണ്ടിൽനിന്നും ശമ്പളം നൽകുന്ന പ്രക്രിയയിൽ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ പ്രസ്തുത തസ്തികയിൽപെട്ട ജീവനക്കാർക്ക് മാത്രം മെച്ചപ്പെട്ട ആനുകൂല്യം നൽകുകയും സ്പെഷ്യൽ റൂൾസിന്റെ പേരിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പൊതുധാരയിൽ വരുന്നവർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന നടപടി അടിയന്തിരമായി പുന:പരിശോധിക്കുമോ? | സി) സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാർക്ക് ഒരേ തരം റൂൾ ബാധകമാക്കുന്നതു സംബന്ധിച്ചുള്ള നിയമ സാധുത വിശദമായ പരിശോധനയ്ക്കു ശേഷമേ പറയാനാകൂ. |

സെക്ഷൻ ഓഫീസർ